## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1434 — 13.06.2014 ലെ മറുപടിക്ക്

### കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ അപേക്ഷാ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ : | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത് എന്ന് മുതലാണ് നടപ്പിലാക്കിയത് ; | (ബി) | ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ് വെയർ വഴി കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും, അംഗീകാരം നൽകുന്നതിനുമുള്ള ഓൺലൈൻ സംവിധാനം 01.04.2014 മുതൽ ചില നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ എത്ര ദിവസത്തിനകം തീർപ്പാക്കി നൽകുന്നുണ്ടെന്ന് വിശദമാക്കുമോ ? | (സി) | നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനകം തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിലൂടെ നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് മുൻഗണനാക്രമത്തിൽ കൂടുതൽ വേഗത്തിലും, കൃത്യതയോടെയും, സുതാര്യമായും അംഗീകാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ